# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 558

02.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി
മറുപടി പറയേണ്ടത്

## നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ അധിക ജോലി

**ചോദ്യം**

ശ്രീ. പി.തിലോത്തമൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടിട്ടുള്ള നാഷണൽ സേവിംഗ്സ് ഏജന്റുമാർക്ക് ബുദ്ധിമുട്ടാകുന്ന വിധത്തിൽ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിങ്ങ് ജോലികൂടി അവരുടെ ജോലിക്കൊപ്പം ചെയ്യുന്നതിന് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | : | സംസ്ഥാനത്തെ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 2011 നവംബർ മാസം വരെ കേന്ദ്ര സർക്കാർ നല്കുന്ന കമ്മീഷനു പുറമെ സംസ്ഥാന സർക്കാർ അലവൻസും ബോണസ്സും നല്കിയിരുന്നു. കേന്ദ്ര സർക്കാരിന്റെ 25.11.2011 തീയ്യതിയിലെ F1/12/2011-NS-II സർക്കുലർ പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കു സംസ്ഥാന സർക്കാർ നല്കി വന്നിരുന്ന കമ്മിഷൻ നിർത്തലാക്കിയിരുന്നു. പിന്നീട്ട മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നല്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ഏജന്റുമാരുടെ സേവനം മറ്റു മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡിങ്ങിനായി നിയോഗിച്ചത് |
| (ബി) | ഒരു വീട്ടിൽ നിന്നും മറ്റൊരു വീട്ടിലെത്താൻ ചിലപ്പോൾ കിലോമീറ്ററുകളോളം നടന്നുപോയി കളക്ഷൻ എടുക്കുന്നവരാണ് നാഷണൽ സേവിംഗ്സ് ഏജന്റുമാർ എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; | : | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | എങ്കിൽ വാട്ടർ മീറ്റർ റീഡിങ്ങ് എടുക്കുവാൻ സ്ത്രീകളും അബലകളായവരുമായ ഇവരെ നിയമിക്കാൻ കാരണമെന്തെന്നു അറിയിക്കുമോ; ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ | | 16.06.2012 തീയതിയിലെ സ.ഉ (സാധ) നം. 5933/2012/ധന ഉത്തരവ് അനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ പ്രവർത്തനം മറ്റു മേഖലകളിലെ സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ പ്രതിഫലം നല്കുന്നതിന്റെ ഭാഗമായാണ് ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരെ വാട്ടർ മീറ്റർ റീഡിങ്ങിനു എടുക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഇത്തരത്തിൽ അധിക ജോലി താല്പര്യമുള്ള ഏജന്റുമാർ മാത്രം ചെയ്താൽ മതിയാകുന്നതാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ ദേശീയ സമ്പാദ്യ പദ്ധതി തകർക്കപ്പെടും എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**